LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ, മത്സ്യഭവൻ ആഫീസർ എന്നീ തസ്തികകളിലേക്ക് നിയമനത്തിനുള്ള മാനദണ്ഡം

92 [1778] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ, മത്സ്യ ഭവൻ ആഫീസർ എന്നീ തസ്തികകളിലേക്ക് ഉള്ള നിയമന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വകുപ്പിലെ നിരവധി വർഷത്തെ സേവനവും സാങ്കേതിക പരിജ്ഞാനവുമുള്ള ഉദ്യോഗസ്ഥർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഇതര വകുപ്പുകളിൽ അനുവർത്തിച്ചുവരുന്ന തരത്തിൽ ഫിഷറീസ് വകുപ്പിലും സേവനമനുഷ്ഠിച്ചുവരുന്നവർക്ക് ഈ തസ്തികകൾക്കുള്ള വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) നിയമന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ വകുപ്പു തലവനുമായും, സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതാണ്.

മത്സ്യത്തൊഴിലാളി കോളനികളിലേക്കുള്ള റോഡുകളുടെ പുനഃരുദ്ധാരണം

93 [1779] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കോളനികളിലേക്കുള്ള റോഡുകളുടെ പുനഃരുദ്ധാരണത്തിനായി സർക്കാർ ഈ സാമ്പത്തിക വർഷം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഈ റോഡുകൾക്ക് തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും ഏത് ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഈ സാമ്പത്തിക വർഷം 153.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) 51 ശതമാനമെങ്കിലും മത്സ്യത്തൊഴിലാളികൾ ഉള്ള പ്രദേശങ്ങളിലെ റോഡുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തിയിട്ടുള്ളത്.

മത്സ്യഗ്രാമങ്ങളിലെ റോഡുകൾ നവീകരിക്കാനുള്ള പദ്ധതികൾ

94 [1780] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി റോഡുകൾ നവീകരിക്കുവാനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

(ബി) എങ്കിൽ ആ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം ഏറ്റെടുക്കുവാൻ അനുമതി നൽകിയ റോഡുകളുടെ പട്ടിക †അനുബന്ധമായി വച്ചിട്ടുണ്ട്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly